DESPATCHED
On.6/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP.389(2)/2022/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 14554/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. രാജേഷ് എ.സി,
ആനപാറപ്പറമ്പിൽ വീട്,
എരയാംകുടി (പി.ഒ),
മാമ്പ്ര, തൃശ്ശൂർ - 680 308. } ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ജില്ലാ ഖാദി ഗ്രാമ വ്യവസായ കാര്യാലയം,
പാലസ് റോഡ്, ചെമ്പ്കാവ്,
തൃശ്ശൂർ - 680 020. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20/07/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/08/2022 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 20/09/2022 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 22/09/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/09/2022 |
| കമ്മീഷനിൽ റിപ്പോർട്ട ലഭിച്ച തീയതി | 06/10/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 11/01/2023<br>ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാജേഷ്. എ.സി, 20/09/2022 തീയതി സമർപ്പിച്ച പരാതി ഹർജി 22/09/2022 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP. No. 389(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് SPIO മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. എതിർകക്ഷി മുമ്പാകെ 20/07/2022 തീയതി സമർപ്പിച്ച അപേക്ഷയിൽ അന്നമനട കളിമൺ വ്യവസായ സഹകരണ സംഘം CINDR 72-ന്റെ ബൈലോ ഭേദഗതി സംബന്ധിച്ച താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. അന്നമനട കളിമൺ വ്യവസായ സഹകരണ സംഘത്തിന്റെ ബൈലോ ഭേദഗതി പുതുക്കിയത് ഏത് വർഷത്തെ പൊതുയോഗ തീരുമാന പ്രകാരമാണെന്നും ആ വർഷത്തെ പൊതുയോഗ മിനിട്സിന്റെ അസ്സൽ പകർപ്പ് നൽകണമെന്നും
2. 2006-ന് ശേഷം അന്നമനട കളിമൺ വ്യവസായ സംഘത്തിൽ നടന്ന പൊതുയോഗം മിനിറ്റ്സിന്റെ തീരുമാനങ്ങളും പങ്കെടുത്തവർ ഉൾപ്പെടുന്ന മിനിറ്റ്സ് ബുക്കിന്റെ അസ്സൽ പകർപ്പ് കോപ്പിയും
3. സംഘം ബൈലോ ഭേദഗതിക്ക് ഖാദി ഓഫീസിലേയ്ക്ക് അപേക്ഷയും, മറ്റു വിവരങ്ങളും നൽകിയതിന്റെ അസ്സൽ പകർപ്പ് കോപ്പി ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 16/08/2022-ൽ ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 06/10/2022 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ 20/07/2022 തീയതിയിൽ ടി കാര്യാലയത്തിൽ നൽകിയ കത്തിന് എതിർകക്ഷി 16/08/2022-ന് മറുപടിയും നൽകിയിട്ടുണ്ടെന്നും, മറുപടിയുടെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്നു കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ ടി

7

ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾക്കായി വിവരാവകാശ നിയമം 6(3) പ്രകാരം വിവരം ലഭ്യമായ ഓഫീസിലേയ്ക്ക് ടി അപേക്ഷ കൈമാറിയിട്ടില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടി വീഴ്ച്ച വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാകയാൽ ഇക്കാര്യത്തിൽ വീഴ്ച്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുളള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുളളിൽ യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാനു കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പ് പ്രകാരമുളള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

പരാതി ഹർജികളിൽ വിവരങ്ങളോ, മറുപടിയോ രേഖകളോ നൽകണമെന്നു നിയമപരമായി നിർദ്ദേശിക്കാൻ കഴിയുന്നതല്ല. മറുപടി ലഭ്യമാക്കുന്നതിൽ എസ്.പി.ഐ.ഒ-യുടെ ഭാഗത്തു നിന്നും വീഴ്ച്ച ഉണ്ടായിട്ടുണ്ടെങ്കിൽ, ടി എസ്.പി.ഐ.ഒ-യ്ക്കെതിരെ നടപടി എടുക്കാൻ മാത്രമേ വിവരാവകാശ നിയമം അനുശാസിക്കുന്നുളളു.

6. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 28-ാം തീയതി കമ്മീഷൻ താൽക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

Sd/-

**കമ്മീഷൻ സെക്രട്ടറി**

AV